LIBRARY ARCHIVES Kerala Legislative Assembly

കരിങ്കഴി റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

141 (833) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിൽ കങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കഴി തോടിനുകുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ കങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കഴി തോടിനു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ 2014 DSR നിരക്കിലുള്ള എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ

142 (834) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)സംസ്ഥാനത്ത് ഉണ്ടായേക്കാവുന്ന വരൾച്ചയെക്കുറിച്ചും ജലദൗർലഭ്യത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് വകുപ്പുതലത്തിൽ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) വരൾച്ചാകാലത്ത് ശുദ്ധജല ദൗർലഭ്യം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജലദൗർലഭ്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ ഭൂജല വകുപ്പിന് കീഴിൽ 871 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള ഡാറ്റകൾ വിശകലനം ചെയ്താണ് സംസ്ഥാനത്തെ ഭൂജല വിതാനത്തിന്റെ ഏറ്റക്കുറച്ചിൽ നിശ്ചയിക്കുന്നത്. കൂടാതെ, വരൾച്ച നിർണ്ണയിക്കുന്നതിനായി ഫെബ്രുവരി-മാർച്ച് മാസത്തെ ഭൂജലവിതാനത്തിന്റെ അളവും വേനൽമഴയുടെ അളവും കൂടി കണക്കിലെടുക്കേണ്ടതുണ്ട്.